**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1350** **19-09-2025 - ൽ മറുപടിയ്ക്ക്**

**നിർമ്മാണത്തിലിരിക്കെ തകർന്ന പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പിന്റെ എത്ര പാലങ്ങളാണ് നിർമ്മാണത്തിലിരിക്കെ തകർന്നിട്ടുള്ളതെന്നും ആയതിനെതിരെ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ? | (എ) | നിർമ്മാണത്തിനിടയിൽ അപകടം സംഭവിച്ച പാലങ്ങളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. ആലപ്പുഴ ജില്ലയിൽ അച്ചൻകോവിൽ ആറിനു കുറുകെ നിർമ്മാണത്തിലിരുന്ന കീച്ചേരികടവ് പാലത്തിന്റെ ഒരു ഫോം വർക്ക് മറിഞ്ഞ് വീഴുകയുണ്ടായി. ബന്ധപ്പെട്ട ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുള്ളതും, കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ലൈസൻസിംഗ് അതോറിറ്റിക്ക് നിർദ്ദേശം നൽകുകയും ചെയ്തു. കോഴിക്കോട് കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലത്തിന്റെ ഫോം വർക്കിൽ ഉണ്ടായ അപകടത്തെ കുറിച്ച് പൊതുമരാമത്ത് വകുപ്പ് ആഭ്യന്തര വിജിലൻസ് വിഭാഗം അന്വേഷണം നടത്തി 22.08.2025 തീയതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അപകടത്തെ സംബന്ധിച്ച് വിശദമായ പരിശോധനയ്ക്കായി വിദഗ്ധ ഏജൻസിയുടെ സഹായം തേടുന്നതിന് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് NIT-യെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. കൂളിമാട് പാലത്തിന്റെ നിർമ്മാണത്തിനിടെ ബീം തകർന്ന സംഭവത്തിൽ വിദഗ്ധ പരിശോധന നടത്തുകയും കരാർ കമ്പനിയെ താക്കീത് ചെയ്യുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ